# വി ആപ്പിൽ മൾട്ടിപ്ലെയറിന്റേയും മൽസരങ്ങളുടേയും ലോകം തുറന്ന് വി ഗെയിംസ്

കൊച്ചി: വി ആപ്പിലുള്ള വി ഗെയിംസിൽ ഒന്നിലേറെ പേർക്ക് കളിക്കുവാനും മൽസരിക്കുവാനും അവസരങ്ങളുള്ള ഗെയിമുകൾക്ക് തുടക്കമായി. മാക്സംടെക് ഡിജിറ്റൽ വെഞ്ചേഴ്സുമായുള്ള പങ്കാളിത്തത്തോടെയാണ് ജനപ്രിയവും മൽസരാധിഷ്ഠിതവും ഉയർന്ന കഴിവുകളുടെ അടിസ്ഥാനത്തിലുള്ളതുമായ നാൽപതിലേറെ ഗെയിമുകൾ അവതരിപ്പിക്കുന്നത്. എക്സ്പ്രസ് ലുഡോ, ക്വിസ് മാസ്റ്റർ, സോളിറ്റയർ കിങ്, ഗോൾഡൻ ഗോൾ, ക്രിക്കറ്റ് ലീഗ് തുടങ്ങിയവ ഇതിലുൾപ്പെടുന്നു.

വി ഉപഭോക്താക്കളല്ലാത്തവർ അടക്കം സുഹൃത്തുക്കളേയും കുടുംബാംഗങ്ങളേയും ഒരുമിച്ചു ഗെയിമുകൾ കളിക്കാനായി വി ഉപഭോക്താക്കൾക്ക് ക്ഷണിക്കാനാവും. സംഘമായി കളിക്കാനും ടൂർണമെന്റുകളിൽ പങ്കെടുത്ത് ആകർഷകമായ സമ്മാനങ്ങൾ നേടാനും വി ഗെയിംസ് അവസരമൊരുക്കും. ടൂർണമെന്റ് മോഡ്, ബാറ്റിൽ മോഡ്, ഫ്രണ്ട്സ് മോഡ് എന്നീ മൂന്നു രീതികളാണ് ഇതിൽ അവതരിപ്പിച്ചിട്ടുള്ളത്. ഉപയോക്താക്കൾക്ക് റിവാർഡ് കോയിനുകൾ നേടാനും അത് കൂടുതൽ ഗെയിമുകൾ കളിക്കാനോ വൻ ടൂർണമെന്റുകളിൽ പങ്കെടുക്കാനോ ആകർഷകമായ സമ്മാനങ്ങൾ നേടാനോ ആയി ഇവ റിഡീം ചെയ്യാനും അവസരമുണ്ടാകും.

ഉപഭോക്താക്കൾ ഗെയിമിങിൽ കൂടുതൽ സമയവും പണവും വരും വർഷങ്ങളിൽ ചെലവഴിക്കുമെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ വോഡഫോൺ ഐഡിയ ചീഫ് മാർക്കറ്റിങ് ഓഫിസർ അവനീഷ് ഖോസ്ല പറഞ്ഞു. ഏതാനും മാസങ്ങൾക്ക് മുൻപ് അവതരിപ്പിച്ച വി ഗെയിംസ് ഇപ്പോൾ സ്വാഭാവിക വളർച്ചാ പാതയിലാണ്. ലളിതമായും ഗൗരവമായും ഇതിനെ കാണുന്ന ഗെയിമർമാരുടെ ഏറ്റവും പ്രിയപ്പെട്ട ഇടമായി വി ഉയർത്തിയെടുക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

പ്ലേ സ്റ്റോറിലും ആപ്പിൾ സ്റ്റോറിലും നിന്നു ഡൗൺലോഡു ചെയ്യാവുന്ന വി ആപ്പിൽ വി ഗെയിംസ് പ്രയോജനപ്പെടുത്താവുന്നതാണ്.